"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അസറ്റ് മെയിന്റനൻസ് ഫണ്ട് 2024-25 - ഭരണാനുമതി നൽകിയ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ പ്രവൃത്തികൾ - പൂർത്തിയാക്കൽ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.219/2026/H&FWD തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.512/2025/ആ.കു.വ. തീയതി 22.02.2025

2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 24.12.2025 തീയതിയിലെ എ3/6903/2024/മെ.വി.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2024-25 വർഷത്തെ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് "Urgent painting and repair works in Main Hospital Building, ICH, Kottayam", "Prevention of ingress of rain water in C2 Block Building at Government Medical College Kottayam - Providing fixed or sliding aluminium windows at existing openings covered with aluminium grills" എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ₹60,23,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ "Urgent painting and repair works in Main Hospital Building, ICH, Kottayam", എന്ന പ്രവൃത്തി ആരംഭിക്കുന്നതിന് ടി കെട്ടിടത്തിന് KHRI -യുടെ സ്റ്റെബിലിറ്റി റിപ്പോർട്ട് ലഭ്യമാകാത്തിരുന്നതിനാലും, "Providing fixed or sliding aluminium windows at existing openings covered with aluminium grills" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് കൂടിയാലോചനകൾ നടത്തേണ്ടിവന്നതിനാലും പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിന് കാലതാമസം നേരിട്ടതായും, അതിനാൽ മേൽ രണ്ട് പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പൊതുമരാമത്ത് വകുപ്പ് കോട്ടയം പ്രത്യേക കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുന്നതായി കോട്ടയം മെഡിക്കൽ കോളേജ്

പ്രിൻസിപ്പാൾ അറിയിച്ചിട്ടുള്ള വിവരം പരാമർശം (2) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ അറ്റകുറ്റപണികൾ ചെയ്യുന്നതിന് 2024-25 വർഷത്തെ അസറ്റ് മെയിന്റനൻസ് ഫണ്ട് -ന് കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള "Urgent painting and repair works in Main Hospital Building, ICH, Kottayam", "Prevention of ingress of rain water in C2 Block Building at Government Medical College Kottayam - Providing fixed or sliding aluminium windows at existing openings covered with aluminium grills" എന്നീ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം 2024-25 സാമ്പത്തികവർഷത്തിൽ കോട്ടയം മെഡിക്കൽ കോളേജിലെ വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന് അസറ്റ് മെയിന്റനൻസ് ഫണ്ടിന് കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളായ "Urgent painting and repair works in Main Hospital Building, ICH, Kottayam", "Prevention of ingress of rain water in C2 Block Building at Government Medical College Kottayam - Providing fixed or sliding aluminium windows at existing openings covered with aluminium grills" എന്നിവയുടെ **പൂർത്തീകരണ കാലാവധി 22.08.2025 മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് (21.02.2026 വരെ മാത്രം) പുതുക്കിയ ഭരണാനുമതി ഉത്തരവ്** പുറപ്പെടുവിക്കുന്നു.

3. നിലവിൽ ദീർഘിപ്പിച്ച് നൽകിയിട്ടുള്ള പൂർത്തീകരണ കാലവധിക്കുള്ളിൽ മേൽ പ്രവൃത്തികൾ കൃത്യമായി പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) ഉറപ്പ് വരുത്തേണ്ടതാണ്.

4. മേൽ ഭേദഗതിയോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), കോട്ടയം

അസിസ്റ്റന്റ്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, ഗാന്ധിനഗർ സ്പെഷ്യൽ ബിൽഡിംഗ്സ് സബ് ഡിവിഷൻ,

പൊതുമരാമത്ത് വകുപ്പ്, കോട്ടയം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത് -എ) വകുപ്പ്

ധനകാര്യ (പ്ലാനിംഗ് - ബി) വകുപ്പ്

വിവരപൊതുജന (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി(പി3/3/2025/ആ.കു.വ.)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 17-01-2026 10:46:32

സെക്ഷൻ ഓഫീസർ